**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4751** **11-08-2021 - ൽ മറുപടിയ്ക്ക്**

**സേവന അവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2012 നവംബർ 1-ന് നിലവിൽ വന്ന സേവന അവകാശ നിയമം എത്ര വകുപ്പുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഇനി എത്ര വകുപ്പുകളിലാണ് ഈ നിയമം നടപ്പിലാക്കാനുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 2012 നവംബർ 1-ന് നിലവിൽ വന്ന സേവനാവകാശ നിയമം 121 വകുപ്പുകൾ/ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇനിയും നടപ്പിലാക്കാനുള്ള വകുപ്പുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത നിയമം നടപ്പിലാക്കിയ വകുപ്പുകളിൽ യഥാസമയം സേവനങ്ങൾ നൽകാത്തത് സംബന്ധിച്ച് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | സേവന അവകാശ നിയമപ്രകാരം യഥാസമയം സേവനം ലഭിക്കാത്തതിന് നാളിതുവരെ എത്ര സർക്കാർ ജീവനക്കാരിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | ഈ നിയമപ്രകാരമുള്ള അപ്പീൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ അത് വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. സേവനാവകാശനിയമത്തിലെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് സേവനം ലഭിച്ചില്ലായെങ്കിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ, മതിയായതും യുക്തി സഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലം ഉള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് 250/- രൂപ നിരക്കിൽ അതിന്റെ ആകെ തുക 5000/-രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. |

| | | | |
|---|---|---|---|
| | | | നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്ന പക്ഷം, അദ്ദേഹത്തിന് ഒന്നാം അപ്പീൽ അധികാരിക്കുമേൽ 500/- രൂപയിൽ കുറയാത്തതും 5000/- രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ നിയമ പ്രകാരം ഉള്ള ചുമതലകൾ നിർവഹിക്കുന്നതിൽ വിഴ്ച വരുത്തിയാൽ നിർദ്ദിഷ്ട ഓഫീസർക്കും ഒന്നാം അപ്പീൽ അധികാരിക്കും എതിരെ നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്. |
| (ഇ) | പ്രസ്തുത നിയമം നടപ്പിലാക്കാത്ത വകുപ്പുകളിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും എന്ന് പറയുമോ; | (ഇ) | വിവരം ശേഖരിച്ചുവരുന്നു. |
| (എഫ്) | ഒൻപത് വർഷങ്ങൾക്ക് ശേഷവും നിയമം പൂർണ്ണ തോതിൽ നടപ്പിലാക്കാൻ കഴിയാത്തതിലെ വീഴ്ചകൾ പരിശോധിക്കുമോ? | (എഫ്) | സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് ഭരണപരിഷ്കാര കമ്മീഷൻ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ